"മെഡിക്കൽ കോളേജിലെ സീറ്റുകൾ"

159 (3088)ശ്രീ. വി. ബാലറാം :

ശ്രീമതി രാധാ രാഘവൻ :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഇപ്പോൾ എത്ര സീറ്റുകളുണ്ട്;

(ബി) മെഡിക്കൽ കോളേജുകളിലെ സീറ്റിന്റെ എണ്ണം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി)&(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റ്

160 (3089)ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജാശുപത്രിയിൽ പ്രവർത്തനം ആരംഭിച്ച ട്രോമാകെയർ യൂണിറ്റിന്റെ സുഗമമായ നടത്തിപ്പിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) മെഡിക്കൽ കോളേജാശുപത്രിയിൽ സി.ടി. സ്കാനർ യൂണിറ്റ് തുടങ്ങുന്നതിനായി എന്നാണ് ഭരണാനുമതി കിട്ടിയത്.

(സി) സി.ടി. സ്കാനർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ:

(ഡി) സി.ടി. സ്കാനർ യൂണിറ്റ് അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ട്രോമാകെയർ യൂണിറ്റിൽ ഒരു അസോസിയേറ്റ് പ്രൊഫസറെയും, അസിസ്റ്റന്റ്പ്രൊഫസർമാരേയും നിയമിച്ചു കഴിഞ്ഞു. ലക്ചറർ തസ്തികയിൽ 6 ഡോക്ടർമാരെയും ലാബോറട്ടറി ടെക്നീഷ്യൻ തസ്തികയിൽ 4 പേരെയും പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിൽ ഒരാളേയും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 10.2-'97-ലാണ് ഭരണാനുമതി കിട്ടിയത്.

---

† അനുബന്ധം XVI

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - XV

(19.7.99-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 159 (3088)-ന്റെ 'എ' ഉത്തരം ദയവായി കാണുക)

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ, ഇതര മെഡിക്കൽ ഡിഗ്രി കോഴ്സുകളുടെ സീറ്റുകൾ

സ്ഥാപനം	എം.ബി.ബി.എസ്	ബി.ഡി.എസ്	ഡി.ഫാം.	ബി.എസ്.സി നഴ്സിംഗ്	ബി.എസ്.സി. എം.എൽ.റ്റി
മെഡിക്കൽ കോളേജ്					
തിരുവനന്തപുരം	200	-	28	50	24
കോഴക്കോട്	200			50	
കോട്ടയം	100			50	
ആലപ്പുഴ	100				
തൃശ്ശൂർ	100				
പരിയാരം	100				
ഡന്റൽ കോളേജ്					
കോഴിക്കോട്	--	40			
തിരുവനന്തപുരം	--	40			
ആകെ	800	80	28	150	24

കുറിപ്പ് :- ഇതിൽ പരിയാരം മെഡിക്കൽ കോളേജിലെ 100 സിറ്റുകളിൽ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തിന് വിധേയമായാണ് അഡ്മിഷൻ നടത്തുന്നത്.